പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : റ്റി. 5475

04/07/2013-ൽ മറുപടിയ്ക്കു്

**ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും**

ചോദ്യം

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

ശ്രീ. പി.ബി. അബ്ദുൾ റസാക്

ശ്രീ. കെ.എൻ.എ. ഖാദർ

ശ്രീ. എം. ഉമ്മർ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) സംസ്ഥാനത്ത് ജലസംരക്ഷണവും, പരിസ്ഥിതി സംരക്ഷണവും കണക്കിലെടുത്ത് ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും, കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനും നവീകരണത്തിനുമായുള്ള പദ്ധതിയുടെ വിശദ വിവരം നൽകാമോ;

ബി) ഈ പദ്ധതിയിൽപ്പെടുത്താവുന്ന കാവുകളുടെയും കുളങ്ങളുടെയും, ആൽത്തറകളുടെയും വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

സി) 2013-14 വർഷത്തിൽ ഇത്തരം എത്ര കാവുകളും, കുളങ്ങളും ഏറ്റെടുത്തു സംരക്ഷിച്ചിട്ടുണ്ട് എന്നതിന്റെ വിശദ വിവരം നൽകാമോ?

എ) ബി) & സി) ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുന്നതിനായി സർക്കാർ തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകൾക്ക് 2 കോടി രൂപാ വീതവും, കൊച്ചിൻ ദേവസ്വം ബോർഡിന് 1 കോടി രൂപയും 2011-12 -ൽ അനുവദിച്ചു നൽകിയിരുന്നു. ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ എന്നിവയും കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടി മാറ്റാതെയും കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നതരത്തിലുള്ള പ്രവൃത്തികളാണ് പ്രധാനമായും ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽപ്പെടുത്താവുന്ന കാവുകളുടെയും കുടങ്ങളുടെയും ആൽത്തറകളുടെയും പട്ടിക അതാതു ദേവസ്വങ്ങൾ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തയ്യാറാക്കുകയും ആയതു സർക്കാരിൽ സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 5 കോടി രൂപാ പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ